28

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കുട്ടികൾ (തൊഴിൽ പണയപ്പെടുത്തൽ) ആക്റ്റ്, 1933

**(1933-ലെ 2-ാം നമ്പർ ആക്റ്റ്)**

(1933 ഫെബ്രുവരി 24-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില :

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കുട്ടികൾ (തൊഴിൽ പണയപ്പെടുത്തൽ) ആക്റ്റ്, 1933

(1933-ലെ 2-ാം നമ്പർ ആക്റ്റ്)

(1933 ഫെബ്രുവരി 24-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

# കുട്ടികൾ (തൊഴിൽ പണയപ്പെടുത്തൽ) ആക്റ്റ് 1933

(1933–ലെ 2)

## കുട്ടികളുടെ തൊഴിൽ പണയപ്പെടുത്തുന്നത് നിരോധിക്കുന്നതിനുള്ള ആക്റ്റ്

[1933 ഫെബ്രുവരി, 24]

കുട്ടികളുടെ തൊഴിൽ പണയപ്പെടുത്താനുള്ള കരാറുകൾ ഉണ്ടാക്കുന്നതും, തൊഴിൽ പണയപ്പെടുത്തിയിട്ടുള്ളത് ഏതു കുട്ടികളുടേതാണോ ആ കുട്ടികളെ നിയോജിക്കുന്നതും നിരോധിക്കുന്നത് സമീചീനമായിരിക്കയാൽ:

ഇതിനാൽ താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് കുട്ടികൾ (തൊഴിൽ പണയപ്പെടുത്തൽ) ആക്റ്റ്, 1933 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഈ വകുപ്പും 2-ം 3-ം വകുപ്പുകളും ഉടനെ പ്രാബല്യത്തിൽ വരുന്നതും, ഈ ആക്റ്റിലെ ബാക്കി വകുപ്പുകൾ 1933 ജൂലൈ ഒന്നാം ദിവസം പ്രാബല്യത്തിൽ വരുന്നതും ആകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം, —

"കുട്ടിയുടെ തൊഴിൽ പണയപ്പെടുത്താനുള്ള കരാറി"ന്, കുട്ടിയുടെ മാതാവോ പിതാവോ, അല്ലെങ്കിൽ രക്ഷാകർത്താവോ തനിക്കു കിട്ടിയതോ കിട്ടാനുള്ളതോ ആയ ഏതെങ്കിലും പണത്തിനോ ഗുണത്തിനോ പകരമായി ആ കുട്ടിയുടെ സേവനങ്ങൾ ഏതെങ്കിലും നിയോജനത്തിൽ ഉപയോഗപ്പെടുത്തിക്കുകയോ ഉപയോഗപ്പെടുത്താൻ അനുവദിക്കുകയോ ചെയ്യാൻ ലിഖിതമായോ വാക്കാലോ, പ്രകടമായോ വ്യംഗ്യമായോ ഏല്ക്കുന്ന കരാർ എന്നർത്ഥമാകുന്നു. എന്നാൽ കുട്ടിക്ക് ഹാനി കൂടാതെ ഉണ്ടാക്കിയതും, കുട്ടിയുടെ സേവനങ്ങൾക്ക് കൊടുക്കേണ്ട ന്യായമായ കൂലി അല്ലാത്ത ഏതെങ്കിലും ഗുണത്തിന് പ്രതിഫലമായി ഉണ്ടാക്കിയതല്ലാത്തതും, ഒരാഴ്ചയിൽ അധികമല്ലാത്ത നോട്ടീസിൻമേൽ അവസാനിപ്പിക്കാവുന്നതുമായ കരാർ ഈ നിർവ്വചനത്തിന്റെ അർത്ഥത്തിൽ കരാറല്ല,

"കുട്ടി" യ്ക്കു, പതിനഞ്ചുവർഷത്തിൽ താഴെ പ്രായമുള്ള ആൾ എന്നർത്ഥമാകുന്നതും,

"രക്ഷാകർത്താ" വിൽ, കുട്ടിയുടെ നിയമപ്രകാരമുള്ള കസ്റ്റഡിയോ നിയമപ്രകാരമുള്ള നിയന്ത്രണമോ ഉള്ള ഏതെങ്കിലും ആൾ ഉൾപ്പെടുന്നതും ആകുന്നു.

3. ആക്റ്റിന് വിപരീതമായ കരാറുകൾ ശൂന്യമാണെന്ന്.—കുട്ടിയുടെ തൊഴിൽ പണയപ്പെടുത്താനുള്ള കരാർ ശൂന്യമായിരിക്കുന്നതാണ്.

4. മാതാവോ പിതാവോ രക്ഷാകർത്താവോ കുട്ടിയുടെ തൊഴിൽ പണയപ്പെടുത്താനുള്ള കരാർ ഉണ്ടാക്കുന്നതിനുള്ള ദണ്ഡനം.—മാതാവോ പിതാവോ രക്ഷാകർത്താവോ ആയിരിക്കെ, ആ കുട്ടിയുടെ തൊഴിൽ പണയപ്പെടുത്താനുള്ള കരാർ ഉണ്ടാക്കുന്ന ഏതൊരാളും, അൻപതുരൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

5. മാതാവുമായോ പിതാവുമായോ രക്ഷാകർത്താവുമായോ കുട്ടിയുടെ തൊഴിൽ പണയപ്പെടുത്താനുള്ള കരാർ ഉണ്ടാക്കുന്നതിനുള്ള ദണ്ഡനം.—കുട്ടിയുടെ മാതാവുമായോ പിതാവുമായോ രക്ഷാകർത്താവുമായോ അങ്ങനെയുള്ള മാതാവോ, പിതാവോ, രക്ഷാകർത്താവോ കുട്ടിയുടെ തൊഴിൽ പണയപ്പെടുത്തുന്ന കരാർ ഉണ്ടാക്കുന്ന ഏതൊരാളും ഇരുനൂറുരൂപയോളമാകാവുന്ന പിഴ ശിക്ഷനല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

6. തൊഴിൽ പണയപ്പെടുത്തിയിട്ടുള്ളത് ഏതു കുട്ടിയുടെതാണോ, ആ കുട്ടിയെ നിയോജിക്കുന്നതിനുള്ള ദണ്ഡനം.—കുട്ടിയുടെ തൊഴിൽ പണയപ്പെടുത്താനുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കാൻ കാരണമുണ്ടായിട്ടോ, അങ്ങനെയുള്ള കരാർ പുരോഗമിപ്പിക്കുന്നതിൽ അങ്ങനെയുള്ള കുട്ടിയെ നിയോജിക്കുകയോ അല്ലെങ്കിൽ തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ സ്ഥലത്തോ അങ്ങനെയുള്ള കുട്ടിയെ നിയോജിക്കാൻ അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും, ഇരുനൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.